"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ മാരായമുട്ടം പബ്ലിക് മാർക്കറ്റിലെ താൽക്കാലിക മാർക്കറ്റ് സ്വീപ്പറായിരിക്കെ ശ്രീ. വി. മണിയനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം ക്രമീകരിക്കുന്നതിന് അനുമതി നല്കിയെങ്കിലും ടി ഗ്രാമപഞ്ചായത്തിൽ ടി തസ്തികയിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ നിലവിൽ ഒഴിവ് ഉള്ള സമീപ പ്രദേശങ്ങളിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1009/2026/LSGD തീയതി,തിരുവനന്തപുരം, 15-05-2026

പരാമർശം:-
1. WP(C) No. 3866/2011 -നുമേലുള്ള ബഹു.ഹൈക്കോടതിയുടെ 05.02.2020 -ലെ വിധിന്യായം
2. സ.ഉ(സാധാ)നം. 137/2025/തസ്വഭവ, തീയതി 15.01.2025.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.07.2025 ലെ LSGD/PD/11924/2023-DEF5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ താൽക്കാലിക മാർക്കറ്റ് സ്വീപ്പറായ ശ്രീ. വി. മണിയൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 3866/2011 -നുമേലുള്ള പരാമർശം(1)ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ടിയാളുടെ നിയമനം, ഉത്തരവ് തീയതി പ്രാബല്യത്തിൽ, ക്രമീകരിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക നിലവിലില്ലാത്തതിനാൽ നിലവിൽ ഒഴിവുകൾ ഉള്ള സമീപ പ്രദേശങ്ങളിലെ ഏതെങ്കിലും പഞ്ചായത്തിൽ ടിയാന് നിയമനം നൽകുന്നതിന് അനുമതി ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ മാരായമുട്ടം പബ്ലിക് മാർക്കറ്റിലെ താൽക്കാലിക മാർക്കറ്റ് സ്വീപ്പറായിരിക്കെ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീ. വി. മണിയന്റെ നിയമനം ക്രമീകരിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നല്കിയെങ്കിലും, പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിൽ ഒഴിവ് നിലവിലില്ലാത്ത സാഹചര്യത്തിൽ നിലവിൽ ഒഴിവ് ഉള്ള സമീപ പ്രദേശങ്ങളിലെ ഏതെങ്കിലും പഞ്ചായത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജോൺ വി സാമുവൽ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പെരുങ്കടവിള ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ്(31.03.2026 ലെ ഡെവ 1/263/2025/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 198/ഇപിഎ2/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 15-05-2026 12:16:54 [illegible]